(എഫ്) റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ കോടതി വിലക്കുകൾ നിലവിലില്ലെങ്കിൽ സേവനം അവസാനിപ്പിച്ച് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുന്നതാണ്.

95 (1949) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ നിയമനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. നിയമനം നടത്തുന്നുണ്ട്.

96 (1950) വൈദ്യുതി ബോർഡിൽ ദിവസക്കൂലിക്ക് ജീവനക്കാർ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിസിറ്റി ബോർഡിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമനം നടത്തുന്ന പതിവുണ്ടോ;

(ബി) എങ്കിൽ നിലവിൽ കെ.എസ്.ഇ.ബി. യിൽ എത്ര പേർ ഇപ്രകാരം ജോലി ചെയ്യുന്നുണ്ട്;

(സി) ഇവരെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് നടപ്പിലാക്കാൻ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫീൽഡ് ഓഫീസുകളിൽ സ്ഥിരം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, സ്ഥലംമാറ്റം എന്നിവമൂലം വരുന്ന ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ അത്യാവശ്യജോലികൾ ചെയ്യുന്നതിനുവേണ്ടി നിയോഗിക്കുന്ന പതിവുണ്ട്.

(ബി) 1999 മേയ് മാസത്തിലെ കണക്കുപ്രകാരം 1288 പേർ ജോലി ചെയ്തിരുന്നു.

(സി) ചില തസ്തികകളിലേയ്ക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പാടില്ലെന്ന് കോടതിവിധി നിലവിലുണ്ട്.

(ഡി) കോടതിവിധി നടപ്പിലാക്കുന്നതിലേക്കായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പകരം എംപ്ലോയ്മെന്റ് എക്സ്ചേ

LIBRARY ARCHIVES Kerala Legislative Assembly